**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2897** **24-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളിൽനിന്നും ലേലകമ്മീഷൻ ഈടാക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് നൽകുന്ന വായ്പയ്ക്ക് നിശ്ചിത ശതമാനം പലിശ ഈടാക്കുന്നതിനോടൊപ്പം അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്റെ വിലയിൽ നിന്നും ലേലകമ്മീഷൻ തുകയും ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് വഴി നൽകുന്ന ഉപകരണ വായ്പയ്ക്ക് ഇപ്പോൾ പലിശ ഈടാക്കുന്നില്ല. എന്നാൽ മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടു വരുന്ന മത്സ്യത്തിന്റെ ലേല തുകയുടെ 1 ശതമാനം ലേല കമ്മീഷനായി അടയ്ക്കുന്നുണ്ട്. ഈ തുക ഉപയോഗിച്ചാണ് മത്സ്യഫെഡിന്റെ പദ്ധതികളും ദൈനംദിന ചെലവുകളും നടത്തി വരുന്നത്. |
| (ബി) | വായ്പ തുകയ്ക്ക് പലിശയും കമ്മീഷനും ഈടാക്കുന്ന പ്രവണത നിയമവിരുദ്ധവും പാവപ്പെട്ട മത്സ്യ തൊഴിലാളികളെ ചൂഷണം ചെയ്യുന്നതുമായതിനാൽ പ്രസ്തുത നടപടി പുനഃപരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | മത്സ്യഫെഡ് എൻ.സി.ഡി.സി - യുടെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന ഐ.എഫ്.ഡി.പി മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതിയ്ക്ക് 2018-19 വർഷം മുതൽ പലിശ ഈടാക്കുന്നില്ല. എൻ.എം.ഡി.എഫ്.സി, എൻ.ബി.സി.എഫ്.ഡി.സി എന്നീ ഏജൻസികളുടെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന മൈക്രോഫിനാൻസ്, ടേം വായ്പ പദ്ധതികൾക്ക് പലിശ ഈടാക്കുന്നുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കളിൽ നിന്നും കമ്മീഷൻ ഈടാക്കുന്നില്ല. |
| (സി) | മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾക്ക് വായ്പയായി നൽകുന്ന വർക്കിംഗ് ക്യാപ്പിറ്റൽ തുകക്ക് പലിശ ഈടാക്കുന്നതോടൊപ്പം സഹകരണ സംഘം മുഖേന മത്സ്യത്തൊഴിലാളികൾ പിടിച്ച് കൊണ്ട് വരുന്ന മത്സ്യത്തിന്റെ നിശ്ചിത ശതമാനം ലേലകമ്മീഷനും ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഇരട്ട പ്രതിഫലം ഈടാക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | എൻ.സി.ഡി.സി-യുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന വർക്കിംഗ് ക്യാപ്പിറ്റൽ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന സഹകരണ സംഘങ്ങൾക്കാണ് നൽകി വരുന്നത്. ടി തുക ലേലം മെച്ചപ്പെടുത്തുന്നതിനും, അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുമാണ് സംഘങ്ങൾ ഉപയോഗിക്കുന്നത്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കാലാകാലങ്ങളിലായി നിശ്ചയിക്കുന്ന പലിശയ്ക്കാണ് മത്സ്യഫെഡ് കടമെടുക്കുന്നത്. അതിനാൽ വർക്കിംഗ് ക്യാപ്പിറ്റൽ തുകയ്ക്ക് പലിശ ഈടാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ